ജനയുഗം
JANAYUGOM

02 July 2017

# കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിന് സിഎംഎഫ്ആർഐയുടെ കർമ്മപദ്ധതി വരുന്നു

കൊച്ചി: കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസവ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയതലത്തിൽ കർമ്മ പദ്ധതി വരുന്നു. നീതി ആയോഗിന്റെ നിർദ്ദേശത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് -ഇന്ത്യയുടെ സഹകരണത്തോടെയാണ് കർമ്മപദ്ധതി തയ്യാറാക്കുന്നത്.

കടൽ സമ്പത്തിന്റെ സുസ്ഥിരമായ വിനിയോഗത്തിലൂടെ സമുദ്ര ആവാസവ്യവസ്ഥയെ പരിക്കേൽക്കാതെ സംരക്ഷിക്കുകയും അതുവഴി 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുകയുമാണ് കർമ്മപദ്ധതിയുടെ ലക്ഷ്യം. രണ്ടുദിവസത്തെ ചർച്ചകളിലൂടെ കർമ്മപദ്ധതിയുടെ കരട് ഈ മാസം അഞ്ചിന് തയ്യാറാകും. ഇന്ത്യയുടെ പരിധിയിൽ വരുന്ന സമുദ്രവിഭവങ്ങൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ഈ കർമ്മ പദ്ധതി രാജ്യത്തിന്റെ തുടർ നയരൂപീകരണങ്ങളിൽ നിർണായകമാകും.